പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1579 31 /01/2018 ലെ മറുപടിക്ക്

<u>അഗ്രോ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ .കെ. എസ് ശബരീനാഥൻ | ശ്രീ.വി.എസ് സുനിൽ കുമാർ<br>കൃഷി വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കിഫ്ബിയുടെ ധനസഹായത്തോടെ ആരംഭിക്കുവാൻ പദ്ധതിയിട്ട അഗ്രോ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുക രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ ഉത്തരവ്(ആർ.റ്റി)നം. 625/2017/കൃഷി തീയതി, 22.06.2017 പ്രകാരം നിയമിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന &ഹണി പാർക്ക്" സ്ഥാപിക്കുന്നതിന് DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB)-ന് സമർപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ DPR തയ്യാറാക്കി വരുന്നു. |
| (ബി) | കിഫ്ബിയിൽ നിന്നും ഇതിനകം ഏതൊക്കെ പാർക്കുകൾക്ക് ധനസഹായം ലഭിച്ചുവെന്നും അതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന &ഹണി പാർക്ക്" സ്ഥാപിക്കുന്നതിന് DPRതയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB)-ന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ Kerala Infrastructure Investment Fund Board (KIIFB)-ൽ നിന്നും ഫണ്ടൊന്നും ലഭ്യമായിട്ടില്ല |
| (സി) | കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്.<br>09.10.2017 – ലെ ജി.ഒ(എം.എസ്) നം. 123/2017/എഡി.ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ അഗ്രോ ബിസിനസ്സ് വികസിപ്പിക്കുക, പ്രത്യേകിച്ച് കേരളത്തിലെ സ്വന്തം ഉൽപ്പന്നങ്ങൾ അന്തർദ്ദേശീയ വിപണിയിൽ പ്രത്യേക ശ്രദ്ധ നൽകികൊണ്ട് ഇന്ത്യയിലും, വിദേശത്തും വിപണനം ചെയ്യുക, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്രോ പാർക്കുകൾ വികസിപ്പിക്കുക, കാർഷിക വ്യവസായത്തിനാവശ്യമായ ഔഷധ ഉൽപ്പന്നങ്ങളുടെ വിപണനം, കാർഷിക ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് മാർക്കറ്റ് ഇടപെടലുകൾ സുഗമമാക്കുക എന്നിവയാണ് പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ . |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| | | | മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ -ഹണി<br>1. പ്രോസസ്ഡ് ഹണി<br>2. കോമ്പ് ഹണി<br>3. ക്രീമ്ഡ് ഹണി<br>4. ക്രിസ്റ്റൽ ഹണി<br>5. ഡ്രൈഡ് ഹണി<br>6. അൾട്രാസോണിക്കേറ്റഡ് ഹണി<br>7. ചങ്ക് ഹണി<br>8. ഹണി ക്യാപ്സ്യൂൾ<br>9. ഹണി സിപ് അപ്<br>10. ഹണി സ്റ്റിക്<br>11. ഹണി ക്യാൻഡി<br>12. ഹണി പൌച്ച്<br>13. ഹണി കോള<br>14. ഹണി ഡ്രൈ ഫ്രൂട്ട്സ് & ഹണി നട്ട്സ്<br>15. ഹണി ഇൻ കൺഫെക്ഷണറി<br>16. ഹണി ഇൻ ബേക്ക്ഡ് പ്രോഡക്സ്<br>17. ഹണി ഇൻ മിൽക്ക് പ്രോഡക്സ്<br>18. ഹണി ബ്രേക്ക്ഫാസ്റ്റ് സെറീയൽ<br>19. ഹണി വൈൻ<br>20. ഹണി മീഡ് & അതർ ഫെർമെന്റേഷൻ പ്രോഡക്സ്<br>21. റോയൽ ജെല്ലി ക്യാപ്സ്യൂൾസ്<br>22. പ്രൊപ്പോളീസ് പൌഡർ<br>23. ബീസ് വാക്സ് ക്രീം<br>24. ഫ്രൂട്ട്സ് & വെജിറ്റബിൾ പ്രോസസ്സിംങ് വാക്സ്<br>25. ഗ്രാഫ്റ്റിങ് വാക്സ്<br>26. പോളൻ ക്യാപ്സ്യൂൾസ് |

(ഒപ്പ്)

സെക്ഷൻ ഓഫീസർ